## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3451** **14/03/2017-ന് മറുപടിയ്ക്ക്**

## ഭരണഭാഷ മാതൃഭാഷ

**ചോദ്യം**
**ശ്രീ.പി.കെ.ബഷീർ**

**ഉത്തരം**
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ഭരണഭാഷ മാതൃഭാഷയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും അത് പൂർണ രൂപത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേരള പി.എസ്.സി. നടത്തുന്ന ഉന്നത പരീക്ഷകൾക്ക് പോലും ഉദ്യോഗാർത്ഥികളുടെ മലയാളത്തിലെ പ്രാവീണ്യമറിയാൻ ശ്രമിക്കുന്നില്ല എന്നതിനാൽ ആയതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നല്കാമോ; | (ബി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ മലയാളഭാഷാ പ്രാവീണ്യം പരിശോധിക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ഔദ്യോഗികഭാഷാ വകുപ്പ് ബഹു.കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സർക്കാർ, മലയാളം ഭരണഭാഷയായി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകളിലും മലയാളത്തിന് പ്രാധാന്യം നൽകി 10% ചോദ്യങ്ങൾ എല്ലാ പി.എസ്.സി.പരീക്ഷകളുടെ ചോദ്യപേപ്പറിലും ഉൾപ്പെടുത്താൻ കമ്മീഷൻ തീരുമാനിച്ചതായും പി.എസ്.സി. പരീക്ഷകളിൽ ഭരണഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ ബഹു.കമ്മിഷൻ നിയോഗിച്ച വിദഗ്ധസമിതി, അവരുടെ റിപ്പോർട്ടും, പാഠ്യപദ്ധതിയും കെ.പി.എസ്.സി സബ്കമ്മിറ്റിക്ക് സമർപ്പിട്ടുള്ളതായും കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മലയാളഭാഷയുടെ വ്യാപനത്തിനും പരിപോഷണത്തിനുമായി കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ നിയമപ്രകാരം മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി നിയമനിർമ്മാണവും ഭരണനിർവ്വഹണവും നീതി നിർവ്വഹണവും പൂർണ്ണമായും മലയാളഭാഷയിലാക്കുന്നതിനും കേരളത്തിലെ വിവിധ വകുപ്പുകളിലും സെക്രട്ടേറിയറ്റിലും മലയാളഭാഷയിൽ കുറിപ്പുകളും ഉത്തരവുകളും ഇറക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (സി) | ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ (നിയമസഭയിൽ സമർപ്പിക്കുന്നതടക്കം) മറ്റിതര പ്രസിദ്ധീകരണങ്ങൾ എന്നിവ പൂർണ്ണമായും മലയാളഭാഷയിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | കേരള സർക്കാർ എല്ലാ മേഖലകളിലും പൂർണ്ണമായും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 30.07.1983-ലെ സ.ഉ. (കൈ) നം.11/83/പി ആൻഡ് എ.ആർ.ഡി ഉത്തരവ് പ്രകാരം ഓരോ വകുപ്പും വർഷം തോറും പ്രസിദ്ധീകരിക്കുന്ന ഭരണറിപ്പോർട്ട് മലയാളത്തിൽക്കൂടി തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ